ശ്രീ. എം. നാരായണക്കുറുപ്പ് : ഡിയർനസ്സ് അലവൻസ് അനുവദിക്കാത്ത വല്ല പെൻഷൻകാരും ഉണ്ടോ ?

ശ്രീ. സി. അച്യുതമേനോൻ : ഇല്ല.

ശ്രീ. എം. നാരായണക്കുറുപ്പ് : മദ്രാസ് ഗവണ്മെൻറിന്റെ പെൻഷൻ പദ്ധതി അനുസരിച്ച് പെൻഷൻ അനുവദിക്കപ്പെട്ടിട്ടുള്ള മലബാറിലെ അദ്ധ്യാപകർക്ക് അലവൻസ് കൊടുക്കുന്നില്ലെന്നുള്ള കാര്യത്തെപ്പറ്റി അന്വേഷിക്കുമോ ?

ശ്രീ. സി. അച്യുതമേനോൻ : അങ്ങനെ വരാൻ ഇടയില്ല. എല്ലാ വർക്കും കൊടുക്കുന്നുണ്ട്. ഡി. എ. എന്നല്ല ടെമ്പററി ഇൻക്രീസ് എന്നാണ് പേരുപറയുക.

കനാൽ നിയമം ലംഘിച്ച് ഓടിയിട്ടുള്ള ബോട്ടുകൾ.

* 1528. [17] ശ്രീ. കെ. സി. ഏബ്രഹാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1958-59 വർഷത്തിൽ കെ. ഡബ്ലിയു. ററി. സി. വക എത്ര ബോട്ടുകൾ എ. ഫാറവും ഡി. ഫാറവും എടുക്കാതെ കനാൽ നിയമം ലംഘിച്ചും കനാൽ ഉദ്യോഗസ്ഥന്മാരെ ധിക്കരിച്ചും ഓടിയിട്ടുണ്ട് ;

(ബി) എ. ഫാറവും ഡി. ഫാറവും എടുക്കാതിരുന്നതുകൊണ്ട് ആ ഇനത്തിൽ എത്രയായിരം രൂപ ഗവണ്മെൻറിനു നഷ്ടപ്പെട്ടിട്ടുണ്ട് ;

(സി) പുറണംകര, ആലപ്പുഴ, കൊല്ലം എന്നീ കനാൽ സെക്ഷനുകളിൽനിന്ന് 1957-58, 1958-59 എന്നീ കൊല്ലങ്ങളിലെ വരുമാനം എത്ര ?

ഗതാഗതവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. ടി. വി. തോമസ്) :

(എ), (ബി) അപ്രകാരം ധിക്കരിച്ചതായി അറിവില്ല.

(സി) 1957-58-ൽ 1,87,459 രൂപ 88 നയാ പൈസയും 1958-59-ൽ 1,94,395 രൂപ 47 നയാ പൈസയും വരവുണ്ടായിരുന്നു.

ശ്രീ. കെ. സി. ഏബ്രഹാം : കനാൽ നിയമം കാർപ്പറേഷന്റെ ബോട്ടുകൾക്ക് ബാധകമല്ലെന്നുള്ളവിധത്തിൽ പ്രവർത്തിക്കുന്നതായി വല്ല ആക്ഷേപവും കിട്ടിയിട്ടുണ്ടോ ?

ശ്രീ. ടി. വി. തോമസ് : ചിലനിയമങ്ങളിൽ നിന്നും അവരെ ഒഴിവാക്കണമെന്ന് അവർ അപേക്ഷിച്ചിട്ടുണ്ട്.

ശ്രീ. കെ. സി. ഏബ്രഹാം : ഏതെങ്കിലും നിയമത്തിൽനിന്നു അവരെ ഒഴിവാക്കിയിട്ടുണ്ടോ ?

ശ്രീ. ടി. വി. തോമസ് : അതിനെപ്പറ്റി ആലോചിച്ചുകൊണ്ടിരിക്കുകയാണ്.

ശ്രീ. കെ. സി. ഏബ്രഹാം : ഏതു നിയമങ്ങളിൽനിന്നാണ് അവരെ ഒഴിവാക്കണമെന്ന് അപേക്ഷിച്ചിട്ടുള്ളത് ?

ശ്രീ. ടി. വി. തോമസ് : ചില അവസരങ്ങളിൽ ബോട്ട് താമസിച്ചുവന്നാൽ ഒരു ഇൻസ്പെക്ഷൻ കഴിഞ്ഞേ ഓടിക്കാൻ പാടുള്ളൂ എന്നുള്ളതിൽനിന്നും ഒഴിവാക്കണമെന്നും പറഞ്ഞിട്ടുണ്ട്. യോഗ്യതയുള്ള ഒരു ഇഞ്ചിനീയറെ കാർപ്പറേഷനിൽ നിയമിച്ചിട്ടുള്ളതുകൊണ്ട് അദ്ദേഹത്തിന്റെ സർട്ടിഫിക്കറ്റ് മതിയെന്നാണ് അവർ പറയുന്നത്.

LIBRARY ARCHIVES Kerala Legislative Assembly